**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5944** **25-03-2025 - ൽ മറുപടിയ്ക്ക്**

**ചെല്ലൂർ പ്രദേശത്തെ വോൾട്ടേജ് ക്ഷാമം പരിഹരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കോട്ടക്കൽ മണ്ഡലത്തിൽ കുറ്റിപ്പുറം ഗ്രാമപഞ്ചായത്തിലെ ചെല്ലൂർ പ്രദേശത്തെ രൂക്ഷമായ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | കോട്ടയ്ക്കൽ മണ്ഡലത്തിൽ കുറ്റിപ്പുറം ഗ്രാമപഞ്ചായത്തിലെ ചെല്ലൂർ പ്രദേശത്തെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനുവേണ്ടി താഴെപ്പറയുന്ന വിവിധ പദ്ധതികൾ കുറ്റിപ്പുറം ഇലക്ട്രിക്കൽ സെക്ഷന്റെ കീഴിൽ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>1. അതികുളം പ്രദേശത്ത് പുതുതായി എബിസി കണ്ടക്ടർ ഉപയോഗിച്ച് 1.5 കിലോമീറ്റർ എച്ച് ടി ലൈൻ നിർമ്മിക്കുന്ന പ്രവൃത്തി.<br>2. കുറ്റിപ്പുറം ഇലക്ട്രിക്കൽ സെക്ഷന്റെ കീഴിൽ 2.9 കിലോമീറ്റർ എൽടി ഓവർ ഹെഡ് ലൈൻ എബിസി (ABC) ലൈൻ ആക്കി മാറ്റുന്ന പ്രവൃത്തി.<br>3. ചേലക്കാട് പ്രദേശത്ത് 1.86 കിലോമീറ്റർ എൽ ടി ഓവർ ഹെഡ് ലൈൻ എബിസി (ABC) ലൈൻ ആക്കി മാറ്റുന്ന പ്രവൃത്തി.<br>4. ചേലക്കാട് പുതിയ 100 kVA ട്രാൻസ്ഫോമർ സ്ഥാപിക്കുന്ന പ്രവൃത്തി.<br>5. മിച്ചഭൂമി ട്രാൻസ്ഫോമറിന്റെ കീഴിൽ 1 കിലോമീറ്റർ എൽ.ടി ലൈനുകൾ കൺവെർഷൻ ചെയ്ത് ത്രീ ഫേസ് ലൈനുകൾ ആക്കുന്ന പ്രവൃത്തി. |
| (ബി) | പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിന് മൂടാൽ ബൈപ്പാസ് റോഡ് കേന്ദ്രമാക്കി 100 KVA ട്രാൻസ്ഫോർമർ സ്ഥാപിക്കൽ, പഴയ ത്രീ ഫേസ് ലൈനുകൾ മാറ്റി പുതിയ ലൈൻ സ്ഥാപിക്കൽ എന്നീ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ? | (ബി) | പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിന് മൂടാൽ ബൈ പാസ് റോഡ് കേന്ദ്രമായി 100 KVA ട്രാൻസ്ഫോർമർ സ്ഥാപിക്കൽ, പഴയ 3 ഫേസ് ലൈൻ മാറ്റി പുതിയ ലൈൻ സ്ഥാപിക്കൽ എന്നീ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി താഴെ സൂചിപ്പിക്കുന്നു.<br><br>1. 100kVA ട്രാൻസ്ഫോർമർ സ്ഥാപിക്കുന്ന പ്രവൃത്തിക്ക് വർക്ക് ഓർഡർ നൽകിയിട്ടുണ്ട് . പ്രവൃത്തി പ്രാരംഭഘട്ടത്തിലാണ്. |

| | | | |
|---|---|---|---|
| | | | 2. മിച്ചഭൂമി ട്രാൻസ്ഫോർമറിന്റെ കീഴിൽ 1 കിലോമീറ്റർ എൽ ടി ലൈനുകൾ കൺവെർഷൻ ചെയ്യുന്ന പ്രവൃത്തിയ്ക്ക് വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. പ്രവൃത്തി പ്രാരംഭഘട്ടത്തിലാണ്.<br>3. എം എം സ്കൂൾ, മർക്കാസ് എന്നിവിടങ്ങളിൽ 2.4 കിലോമീറ്റർ എൽ ടി ഓവർ ഹെഡ് ലൈൻ മാറ്റി എബിസി ലൈൻ ആക്കുന്ന പ്രവൃത്തി പുരോഗമിച്ചു കൊണ്ടിരിക്കുന്നു. |

സെക്ഷൻ ഓഫീസർ